**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5738** **16-03-2023 - ൽ മറുപടിയ്ക്ക്**

**എസ്.എം.എ.പി. വഴി പാവപ്പെട്ടവർക്കുള്ള ചികിത്സ സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു പൂവർ (എസ്.എം.എ.പി.) വഴി പാവപ്പെട്ടവർക്കുള്ള ചികിത്സ സഹായമായി 2016 മുതൽ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു പൂവർ (എസ്.എം.എ.പി) പദ്ധതി പ്രകാരം ധനസഹായം നൽകുന്നതിലേക്കായി 2016-17 ൽ 1.5 കോടിയും, 2017-18 ൽ 5 കോടിയും, 2018-19 ൽ 5.5 കോടിയും, 2019-20 ൽ 5.5 കോടിയും, 2020-21 ൽ 5 കോടിയും 2021-22 ൽ 5 കോടിയും അനുവദിച്ചിരുന്നു. |
| (ബി) | 2022 ൽ എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടെന്നും എത്ര രൂപ ഇതിനായി അനുവദിച്ചിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ? | (ബി) | സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു പൂവർ പദ്ധതിയിൽ ധനസഹായത്തിനായി 2022 ൽ ആകെ 886 അപേക്ഷകൾ ലഭ്യമായിരുന്നു. മാനദണ്ഡപ്രകാരമുള്ള രേഖകൾ ഹാജരാക്കിയ 2022 ആഗസ്റ്റ് മാസം വരെ ലഭ്യമായ അപേക്ഷകൾ പരിഗണിക്കുകയും ടി പദ്ധതിക്കാവശ്യമായ തുക സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ച് വരികയും ചെയ്യുന്നു. 2022-23 സാമ്പത്തിക വർഷം സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു പൂവർ പദ്ധതി KASP പദ്ധതിയിൽ ലയിപ്പിച്ചു. സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു പൂവർ പദ്ധതിയുടെ ഗുണഭോക്താക്കൾ KASP ൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി പ്രകാരമുള്ള ചികിത്സാ സഹായം സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (SHA) വഴി ലഭ്യമാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ